## പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 45** **3.3.2020 -ൽ മറുപടിയ്ക്ക്**

## ചെറുകിട വിനോദസഞ്ചാര പദ്ധതികൾ

| ചോദ്യം<br>ശ്രീ.എം.ഉമ്മർ<br>ശ്രീ. അബ്ദുൽ ഹമീദ് പി.<br>ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. കെ.എം.ഷാജി : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | തുടർച്ചയായുണ്ടായ പ്രകൃതി ദുരന്തങ്ങൾ സംസ്ഥാനത്തിന്റെ വിനോദസഞ്ചാര സാധ്യതകൾക്ക് മങ്ങലേൽപ്പിച്ചിട്ടുണ്ടോ; ഈ ദുരന്തങ്ങൾ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ കുറവ് വരുത്തുന്നതിന് ഇടയാക്കിയിട്ടുണ്ടോ; | എ) | 2018-ലെ പ്രളയത്തെ തുടർന്ന് കേരളത്തിലെത്തിയ വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. 2018 ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ നവംബർ മാസത്തിൽ മുൻവർഷത്തെ ഇതേ കാലയളവുമായി താരതമ്യം ചെയ്യുമ്പോൾ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 3,47,437-ഉം, വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 37,997 -ഉം കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. 2019-ലെ ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ 2018-ലെ ഇതേ കാലയളവുമായി താരതമ്യം ചെയ്യുമ്പോൾ വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 18,225 പേരുടെ കുറവ് ഉണ്ടായിട്ടുണ്ടെങ്കിലും ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ തുടർച്ചയായി വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. 2019-ൽ സെപ്റ്റംബർ മാസം വരെ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ കുറവ് രേഖപ്പെടുത്തിയിട്ടില്ല. 2019 സെപ്റ്റംബർ വരെയുള്ള കണക്ക് അന്തിമം ആക്കിയിട്ടുണ്ട്. ഇതനുസരിച്ച് പ്രളയം സൃഷ്ടിച്ച തിരിച്ചടികൾ മറികടന്ന് വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 4.84% -ഉം ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 16.48%-ഉം വളർച്ചാനിരക്ക് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | വിനോദസഞ്ചാരികളെ കൂടുതൽ ആകർഷിക്കുന്ന തരത്തിൽ ചെറുകിട വിനോദസഞ്ചാര പദ്ധതികൾ ആരംഭിക്കുന്നതിനും നിലവിലുള്ളവ പുനരുദ്ധരിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ? | ബി) | ഒരു കാലത്ത് തദ്ദേശീയരായ ജനങ്ങൾക്ക് എടുത്തു പറയത്തക്ക യാതൊരു പങ്കും ഇല്ലാതിരുന്ന ടൂറിസം വികസന പ്രക്രിയയിൽ പ്രാദേശിക പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനും ചെറുകിട ടൂറിസം പദ്ധതികൾ ആരംഭിക്കുന്നതിനുമായി ഉത്തരവാദിത്ത ടൂറിസം മിഷൻ ആരംഭിച്ച പദ്ധതിയാണ് 'പെപ്പർ' എന്ന ചുരുക്കെഴുത്തിൽ അറിയപ്പെടുന്ന 'പീപ്പിൾസ് പാർട്ടിസിപ്പേഷൻ ഫോർ പാർട്ടിസിപ്പേറ്ററി പ്ലാനിംഗ് ആന്റ് എംപവർമെന്റ് ത്രൂ റെസ്പോൺസിബിൾ ടൂറിസം'.ഈ പദ്ധതിയിലൂടെ ഒരു പ്രദേശത്തിന്റെ സമഗ്ര ടൂറിസം വികസനത്തിന് വേണ്ട പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.ഇതിന്റെ ഭാഗമായി ആ പ്രദേശത്തു 'വിശേഷാൽ ഗ്രാമസഭ' സംഘടിപ്പിക്കുന്നു.<br>ഗ്രാമസഭയെത്തുടർന്ന് പ്രദേശത്തെ ടൂറിസം സാധ്യതകൾ രേഖപ്പെടുത്തുന്നതിനായി ടൂറിസം റിസോഴ്സ് മാപ്പിംഗ് നടക്കുന്നു, ടൂറിസം റിസോഴ്സ് ഡയറക്ടറി തയ്യാറാക്കുന്നു, ടൂർ പാക്കേജുകൾ തയ്യാറാക്കുന്നു പ്രദേശ വാസികൾക്കായി വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു., ആ പ്രദേശത്തു ടൂറിസം വികസനവുമായി ബന്ധപ്പെട്ട് ചെയ്യാവുന്ന വിവിധ പദ്ധതികൾ തയ്യാറാക്കുന്നു, അവ നടപ്പാക്കുന്നു എന്നിങ്ങനെ വിവിധ തലങ്ങളിലൂടെ ടൂറിസം ആസൂത്രണം മുതൽ നിർവ്വഹണം വരെ പ്രാദേശിക പങ്കാളിത്തം ഉറപ്പ് വരുത്തുന്ന പദ്ധതിയാണ് പെപ്പർ.<br>ഇവ കൂടാതെ വിനോദസഞ്ചാരികൾക്ക് പ്രയോജനം ലഭിക്കുന്ന നിരവധി ചെറുകിട പദ്ധതികളായ ടോയ് ലെറ്റ് ബ്ലോക്കുകൾ, കുടിവെള്ളം, ഗ്രീൻ കാർപ്പറ്റ്, പാർക്കുകൾ, ബീച്ച് നവീകരണം, ബാരിയർ ഫ്രീ പദ്ധതി എന്നിവ ടൂറിസം വകുപ്പ് നടപ്പിലാക്കി വരുന്നു.<br>നിലവിലുള്ള ടൂറിസം പദ്ധതികൾ പുനരുദ്ധരിക്കുന്നതിനും സഞ്ചാരികൾക്ക് |

| | | | |
|---|---|---|---|
| | | | ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഓരോ ഡെസ്റ്റിനേഷനിലും ഏർപ്പെടുത്തുന്നതിനുമായി ഓരോ ടൂറിസം സീസണ് മുൻപായി കേരളത്തിലെ പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങളിൽ 'ഗ്രീൻ കാർപറ്റ്' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് 2016-മുതൽ നടപ്പാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ